# കമലഹാസൻെറ രാമൻ

ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും കലങ്ങിമറിഞ്ഞ ഒരു കാലഘട്ടമാണ് കമലഹാസൻെറ 'ഹേ റാം' എന്ന സിനിമയിൽ പ്രതിപാദ്യവിഷയമാക്കുന്നത്. 1946 ലെ ബംഗാൾ കലാപം, തുടർന്ന് 1947ൽ ഇന്ത്യ സ്വാതന്ത്ര്യയായതിനെ തുടർന്നുള്ള വിഭജനം, 1948ൽ ഗാന്ധിജി വധിക്കപ്പെടുന്നത്- ഇന്ത്യാചരിത്രത്തിൻെറ ഭാഗമായ ഈ സംഭവങ്ങളാണ് 'ഹേ റാമി'ൽ അവതരിപ്പിക്കുന്നത്. അതിലുപരി പ്രധാന കഥാപാത്രമായ സാകേത് റാമിലൂടെ ഇന്ത്യൻ മനസ്സിനെ അപഗ്രഥിക്കാനുള്ള ശ്രമം കൂടി നടത്തുന്നുണ്ട്. 1999ൽ ദക്ഷിണേന്ത്യയിലെ ഒരാശുപത്രിയിൽ ആസന്നമരണനായി കിടക്കുന്ന റാമിൽ നിന്ന് ചിത്രം തുടങ്ങുന്നു. വളരെ വിവാദപരമായ ഒരുകഥാവസ്തുവാണ് കമലഹാസൻ ഇക്കുറി തിരഞ്ഞെടുത്തിരിക്കുന്നത്. 1946 ലെ ബംഗാൾ കലാപത്തിൽ സാകേത് റാം എന്ന ദക്ഷിണേന്ത്യൻ യുവാവിൻെറ ബംഗാളിയായ ഭാര്യ അപർണ്ണ വധിക്കപ്പെടുന്നു. തുടർന്ന്, അപർണയെ കൊന്നവരെ തിരിച്ചറിഞ്ഞ് സാകേത് റാം കലാപത്തിൻെറ ഭാഗമാവുന്നുണ്ട്.

കമലഹാസൻെറ ഈ സിനിമയിൽ ആർ.എസ്.എസിൻെറ രാഷ്ട്രീയ വിചാരം വിചാരണക്ക് വിധേയമാവുന്നുണ്ട്. ചിഹ്നങ്ങളുപയോഗിച്ചാണ് ഇത് സാധിക്കുന്നത്. ഒന്നിലേറെ തവണ പ്രത്യക്ഷപ്പെടുന്ന ഹിറ്റ്ലറുടെ ചിത്രം, ഗാന്ധിജിയുടെ തലതകർക്കുന്ന വെടിയുണ്ടയിൽ നിന്ന് സ്വസ്തികയും പിന്നീട് ത്രിശൂലവും അമ്പും താമരയും രൂപാന്തരപ്പെടുന്നത്, ഇങ്ങനെ. ആർ.എസ്.എസിലേക്കാകർഷിക്കപ്പെടുന്ന സാകേത് റാം, ഒരു ഘട്ടത്തിൽ സ്വയം തിരിച്ചറിയുന്നു. ഗാന്ധിജിയെ വധിക്കാൻ നറുക്കുവീണ അഭയങ്കർ റാം അപകടത്തിൽ മരിച്ചതിനെ തുടർന്ന് സാകേത് റാമായിരുന്നു ആ ചുമതല നിറവേറ്റേണ്ടിയിരുന്നത്. എന്നാൽ, അംജദ് എന്ന സുഹൃത്ത് ഹിന്ദു കലാപകാരികളുടെ വെടിയേറ്റ് മരിക്കുന്നതിനെ തുടർന്ന്, റാം പുനർവിചാരത്തിന് വിധേയനാകുന്നു. 'ഗോഡ്സെയുടെ വെടിയുണ്ടയേറ്റ് ഗാന്ധിജി മരിക്കുമ്പോൾ ഗാന്ധിജിയുടെ താഴെ വീണ ചെരിപ്പുകൾ നെഞ്ചോടടുക്കി നിൽക്കുന്ന സാകേത് റാമിനെ നാം കാണുന്നു.

ഇത് ഗാന്ധിജിയെക്കുറിച്ചുള്ള സിനിമയല്ല മറിച്ച്, ഗാന്ധിജി മൂലമുള്ള സിനിമയാണെന്ന് കമലഹാസൻ പറയുന്നു.

